# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1664 — 12.06.2019 ൽ മറുപടിക്ക്

## കടുത്തുരുത്തി ഗവ. പോളി ടെക് നിക്കിന് അനുവദിച്ച ഭൂമി

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | **എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | കടുത്തുരുത്തി ഗവ. പോളി ടെക്നിക്കിനു വേണ്ടി കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് അനുവദിച്ച ഭൂമിയിൽ അധികമുള്ള സ്ഥലം മറ്റ് ആവശ്യങ്ങൾക്ക് അനുവദിക്കുന്നതിനായി ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിക്കാനാവശ്യപ്പെട്ടുകൊണ്ടു എൽ.എസ്.ജി.ഡി. സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ 23/10/2018 ലെ ആ.സി.4/137/2017 നമ്പർ കത്തിന് മറുപടി നൽകിയിട്ടുണ്ടോ; | എ) നൽകിയിട്ടില്ല. |
| ബി) | ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇല്ലെങ്കിൽ മറുപടി നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) & സി) ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച ജില്ലാ കളക്ടറുടെ റിപ്പോർട്ടിലും പഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസലിലും വ്യത്യാസമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിന് 2018 നവംബറിൽ താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ സ്ഥലം അളന്ന് തിരിച്ചിട്ടതാണെങ്കിലും ആയതിന്റെ റിപ്പോർട്ട് നാളിതുവരെയുമായി ലഭ്യമായിട്ടില്ലാത്തതിനാലാണ് കടുത്തുരുത്തി ഗ്രാമ പഞ്ചായത്ത് മറുപടി സമർപ്പിക്കാതിരുന്നത്. സർവ്വേയറുടെ റിപ്പോർട്ട് ലഭ്യമാക്കി മറുപടി സമർപ്പിക്കുന്നതിന് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | പഞ്ചായത്ത് വിവിധ ഘട്ടങ്ങളിൽ നൽകിയിരിക്കുന്ന മറുപടിയിൽ വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച് അവ്യക്തതയുള്ളത് പരിഹരിച്ച പഞ്ചായത്ത് മറുപടി നൽകിയി ട്ടുണ്ടോ; ഇല്ലായെങ്കിൽ എന്നേക്ക് മറുപടി നൽകാനാകും; ഇല്ലയെങ്കിൽ കാരണം അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ